*Week- 4*

# Weekly Devotions-February :2016

## Suffering a Boon

## 'കഷ്ടത' ഒരു വരം



റിച്ചാർഡ് വും ബ്രാൻഡിന്റെ അനുഭവ സമ്പത്തിൽ ഒരു പെൺകുട്ടിയെ പറ്റി പരാമർശിച്ചത് രേഖപ്പെടുത്തുന്നു. ഒളിവു സഭയുടെ അംഗമായ ഈ പെൺകുട്ടി രഹസ്യമായി കുഞ്ഞുങ്ങളോട് സുവിശേഷം പറഞ്ഞിരുന്നു. ഇതു കണ്ടെത്തിയ രഹസ്യപ്പോലീസ് അവളെ അറസ്റ്റു ചെയ്യുവാൻ തീരുമാനിച്ചു. എന്നാൽ ആ പ്രവർത്തി ചെയ്തെടുക്കുവാൻ അവർ കണ്ട സമയം അവളുടെ വിവാഹദിവസം തന്നെ ആയിരുന്നു. ഭർത്താവും, കുടുംബാംഗങ്ങളുമായി സന്തോഷത്തോടെ ഇരുന്ന അവളുടെ അടുക്കലേക്ക് പെട്ടെന്ന് പോലീസ് എത്തി. അവരെ കണ്ട ഉടൻ തന്നെ ഇരിപ്പിടത്തിൽ നിന്നും എഴുന്നേറ്റ് പുഞ്ചിരിയോടെ അവൾ കൈനീട്ടി. കൈകളിൽ വിലങ്ങുമായി അവൾ ഭർത്താവിനെ നോക്കിയിട്ട് സന്തോഷത്തോടെ പറഞ്ഞു **"എന്റെ മണവാളനായ ക്രിസ്തുവിനു നന്ദി, അവനുവേണ്ടി കഷ്ടം സഹിപ്പാൻ ഈ എളിയവളെ യോഗ്യതയുള്ളവളായി കണ്ടതിനായി സ്തോത്രം."** ഇവിടെയാണ് ആത്മീക വീക്ഷണവും , ഭൗതീക വീക്ഷണവും തമ്മിലുള്ള അന്തരം കാണുന്നത്. ഈ പെൺകുട്ടി ആത്മീക വീക്ഷണമുള്ളവളാകയാൽ ഈ കൈ വിലങ്ങ് വിലയേറിയ സമ്മാനമായിട്ടാണ് കണ്ടത്. അതിനാൽ 'കഷ്ടത' അവൾക്ക് ഏറെ സന്തോഷമായി.

പുറമേ നിന്ന് വരുന്ന കഷ്ടതകളും, നമ്മുടെ ശാരീരിക കഷ്ടതകളും , ക്ലേശങ്ങളും എല്ലാം നമ്മെ മാനസീകമായി തകർക്കുന്നതാണ്. എന്നാൽ സുവിശേഷത്തിനുവേണ്ടി കഷ്ടം സഹിക്കേണ്ടി വന്നവർ ഭാഗ്യമുള്ളവർ എന്ന് വചനം പറയുന്നു. ജനിച്ച്, മരിച്ചിട്ട്, ഉയർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തു കൊള്ളുക ഇതാകുന്നു എന്റെ സുവിശേഷം എന്നും, ഈ സുവിശേഷത്തെക്കുറിച്ച് ലജ്ജിക്കാതെ ദൈവശ

ക്തിക്കൊത്തവണ്ണം കഷ്ടം സഹിക്കുക എന്നും പൗലോസ് അപ്പോസ്തോലൻ രേഖപ്പെടുത്തിയിരിക്കുന്നു. നന്മ ചെയ്തിട്ട് കഷ്ടം സഹിച്ചാൽ അത് ദൈവത്തിന് പ്രസാദം എന്ന് 1 പത്രോസ് 2:20 ലും കാണുന്നു.

ദൈവം സഭയ്ക്കു നൽകിയ അഥവാ വിശ്വാസിക്ക് നൽകിയ വരമാണ് കഷ്ടം സഹിക്കുക എന്നുള്ളത്. പക്ഷേ ഈ വരം അധികം പേരും ആഗ്രഹിക്കുന്നില്ല.എന്നാൽ വിശ്വാസി ഈ വരം കൂടെ (കഷ്ടത)ആഗ്രഹിക്കേണ്ടതാണ്. മറ്റുള്ളവരങ്ങൾ മാത്രം ആഗ്രഹിക്കുന്ന ഒരു വ്യക്തിയ്ക്ക് വിശ്വാസി ആയിരിപ്പാൻ കഴിയുന്നതല്ല. നാം ഇന്ന് ജീവിക്കുന്ന ലോകം നമ്മെ ക്രിസ്തുവിൽ നിന്ന് അകറ്റുന്നതാണ്.അപ്പോഴും യഹോവയുടെ നല്ല സാക്ഷിയായി നില്ക്കുവാൻ, കഷ്ടതയിൽ ലജ്ജിക്കാതെ മുൻപോട്ടു പോകുവാൻ ദൈവം സഹായിക്കട്ടെ.

## പ്രാർത്ഥന

ലോകത്തിൽ നിങ്ങൾക്ക് കഷ്ടതയുണ്ട് എങ്കിലും ധൈര്യപ്പെടുവീൻ എന്നരുളി ചെയ്ത ദൈവമേ !, കഷ്ടം സഹിപ്പാനുള്ള കൃപ ഞങ്ങൾക്ക് തരേണമേ. പ്രതികൂലങ്ങളെ കണ്ട് സുവിശേഷത്തെക്കുറിച്ച് ലജ്ജിക്കുന്നവരാകാതെ , അവ ദൈവീക സമ്മാനമായി കണ്ട് സന്തോഷിപ്പാൻ കൃപചെയ്യേണമേ ആമേൻ


Santhamma Varghese

Website : www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind